# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **3260** — 19-06-2018 ൽ മറുപടിയ്ക്ക്

# ജലവാഹനങ്ങളുടെ രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. ജോർജ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) ജലവാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങൾ എടുത്തു; പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സ് ലഭ്യമാക്കമോ ; | (എ) യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ജലവാഹനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് കേരള ഇൻലാൻഡ് വെസ്സൽസ് റൂൾസിൽ ആവശ്യമായ ഭേദഗതി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (ബി) കേരളാ ഇൻലാൻഡ് വെസ്സൽ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ജലവാഹനങ്ങൾ എത്ര എണ്ണമുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ? | (സി) കേരളത്തിൽ ആകെ 2635 ജലവാഹനങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് . അവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു. |

| | | |
|---|---|---|
| ഹൗസ്ബോട്ട് | - | 810 |
| പാസഞ്ചർ വെസ്സൽ | - | 1504 |
| ശിക്കാര | - | 238 |
| ഫെറി | - | 40 |
| ലിക്വിഡ് കാർഗോ | - | 10 |
| കാർഗോ വെസ്സൽ | - | 19 |
| ഡ്രഡ്ജർ | - | 14 |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ആലപ്പുഴ മേഖലയിലെ പുതിയ ജലയാനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നത് സംബന്ധിച്ചും അനധികൃതമായി പ്രവർത്തിക്കുന്നവയുടെ മേൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07-06-2018 ന് ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്

യോഗം 11.45 ന് ആരംഭിച്ചു. പങ്കെടുത്തവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

കേരളത്തിൽ 2010 ൽ നിലവിൽ വന്ന കേരള ഉൾനാടൻ ജലഗതാഗത നിയമം (കെ.ഐ.വി റൂൾ 2010) അനുസരിച്ച് എഞ്ചിൻ വച്ച് പ്രവർത്തിക്കുന്ന എല്ലാ ജലയാനങ്ങളും അവ വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവയാണെങ്കിൽ, രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി യിരിക്കണം എന്ന് അനുശാസിക്കുന്നു. എന്നാൽ ഇത്രയും കാലമായിട്ടും യാതൊരു നിയമവും പാലിക്കാതെ ചില പ്രദേശങ്ങളിൽ (പ്രത്യേകിച്ച് കുമരകം / കുട്ടനാട് മേഖല) ജലയാനങ്ങൾ പ്രവർത്തിച്ചുവരുന്നതായി കാണുന്നു. നിയമം പാലിക്കാതെ പ്രവർത്തിക്കുന്ന ഈ യാനങ്ങളെ നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണെന്ന് ആമുഖമായി ബഹു. തുറമുഖ വകുപ്പ് മന്ത്രി അറിയിച്ചു.

ആലപ്പുഴ, കൊല്ലം, എറണാകുളം മേഖലകളിലായി ഏതാണ്ട് 800 ഓളം ഹൗസ് ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയിൽ ഒരു വിഭാഗം നിയമപരമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുള്ളവയല്ലെന്നും അതുകൊണ്ട് ഇവയെ അടിയന്തിരമായി നിയമവിധേയമാക്കുകയോ അല്ലെങ്കിൽ നശിപ്പിക്കുകയോ ചെയ്യേണ്ടതാണെന്നും തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. എന്നാൽ പിഴ ചുമത്താൻ നിലവിലെ നിയമത്തിൽ വ്യവസ്ഥ ഇല്ല. അതുകൊണ്ട് നിയമ ഭേദഗതി ആവശ്യമാണ്. CWDRM നടത്തിയ പഠനം അനുസരിച്ച് ഇപ്പോൾ തന്നെ ക്യാരിയിംഗ് കപ്പാസിറ്റിയിലും അധികമായി ഹൗസ് ബോട്ടുകൾ സർവ്വീസ് നടത്തുന്ന ആലപ്പുഴ മേഖലയിൽ പുതിയ ഹൗസ് ബോട്ടുകൾക്ക് അനുമതി നൽകാൻ നിർവാഹമില്ലെന്നും അദ്ദേഹം അറിയിച്ചു.

ടൂറിസം മേഖലയിലാണ് പ്രവർത്തിക്കുന്നതെങ്കിലും ഈ ബോട്ടുകളുടെ മേൽ ടൂറിസം വകുപ്പിന് യാതൊരു നിയന്ത്രണവുമില്ലെന്ന് ബഹു. ടൂറിസം വകുപ്പ് മന്ത്രി അറിയിച്ചു. എന്നാൽ ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി എല്ലാ നിയന്ത്രണങ്ങളും ചട്ടങ്ങളും പാലിക്കുന്ന ബോട്ടുകൾക്ക് പ്രത്യേക നക്ഷത്ര പദവി നൽകുന്ന കാര്യം വകുപ്പ് പരിഗണിക്കുന്നുണ്ട്. ആലപ്പുഴ മേഖലയിൽ ഇനിയും മലിനീകരണം വരുത്താത്ത തരത്തിൽ കർശനമായ മലിനീകരണ നിയന്ത്രണ വ്യവസ്ഥകൾ ഏർപ്പെടുത്തണമെന്ന് എല്ലാവരും നിർദ്ദേശിച്ചു. വിശദമായ ചർച്ചകൾക്കു ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. CWRDM നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ കുമരകം, ആലപ്പുഴ മേഖലകളിൽ പുതിയ ഹൗസ് ബോട്ടുകൾക്ക് രജിസ്ട്രേഷൻ അനുവദിക്കേണ്ടതില്ലെന്ന തീരുമാനം തുടരാനും മറ്റ് മേഖലകളിൽ രജിസ്റ്റർ ചെയ്യുന്ന യാനങ്ങൾ area of operation ൽ മാത്രം പ്രവർത്തിക്കുന്നു എന്ന ഉറപ്പുവരുത്താനും തീരുമാനിച്ചു
2. ആലപ്പുഴ മേഖലയിലെ താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന ബോട്ടുകളുടെ സർവ്വേ നടപടികൾ സ്വീകരിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാൻ ഡിസംബർ മാസം വരെ സമയം അനുവദിക്കുവാൻ തീരുമാനിച്ചു
   i) CIB രജിസ്ട്രേഷൻ ഉള്ളതും എന്നാൽ ഇതുവരെ KIV രജിസ്ട്രേഷനിലേക്ക് മാറാത്തതുമായ ബോട്ടുകൾ
   ii) തുറമുഖ വകുപ്പ് നൽകിയിട്ടുള്ള Temperory രജിസ്ട്രേഷൻ ഉള്ള ബോട്ടുകൾ.

iii) തുറമുഖ വകുപ്പ് നടത്തിയ അദാലത്തുകളിൽ പങ്കെടുത്ത് അപേക്ഷ സമർപ്പിച്ചെങ്കിലും, നാളിതുവരെ സർവ്വേ ചെയ്ത് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാത്ത ബോട്ടുകൾ .

iv) തുറമുഖ വകുപ്പിൽ Onine application സമർപ്പിച്ചതിനുശേഷം മറ്റ് അംഗീകാരങ്ങൾ നേടാതെ പണി പൂർത്തിയാക്കിയ ബോട്ടുകൾ സർക്കാർ നിഷ്കർഷിക്കുന്ന നിയമങ്ങൾ പാലിച്ചാണ് നിർമ്മിച്ചിട്ടുള്ളതെങ്കിൽ ആയവ സർവ്വേ നടപടികൾ പൂർത്തീകരിച്ച് രജിസ്റ്റർ ചെയ്യുന്നതിന്.

v) KIV അംഗീകാരം നേടിയതിനുശേഷം മാനദണ്ഡങ്ങളും ഡിസൈനും പാലിക്കാതെ അനധികൃതമായി അപ്പർഡെക്കും സ്ട്രക്ചറും പൂർത്തിയാക്കിയ ബോട്ടുകൾ, ആയത് സർക്കാർ നിബന്ധനകൾക്കനുസൃതമായി ക്രമീകരിക്കാൻ തയ്യാറാണെങ്കിൽ ആയവ രജിസ്റ്റർ ചെയ്യുന്നതിന്.

3. ആലപ്പുഴയിലും കുമരകത്തും സ്വകാര്യ ആവശ്യത്തിനായി പ്രവർത്തിക്കുന്ന എഞ്ചിൻ ഘടിപ്പിച്ച 4 seater speed ബോട്ടുകൾക്ക് അനുമതി നൽകാവുന്നതാണ്.
4. മറ്റ് സ്ഥലങ്ങളിൽ രജിസ്റ്റർ ചെയ്തതിനുശേഷം ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രി മേഖലയിൽ പ്രവർത്തിക്കുന്ന ബോട്ടുകൾ അടിയന്തിരമായി അതാത് പോർട്ട് ഓഫ് രജിസ്ട്രിയിലേക്ക് മാറ്റേണ്ടതാണ്.
5. അംഗീകാരമില്ലാതെ സർവ്വീസ് നടത്തുന്ന ജങ്കാറുകൾ സെപ്റ്റംബറിനു മുമ്പ് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ് എന്ന നിർദ്ദേശം നൽകുകയും അതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
6. എല്ലാ പോർട്ട് ഓഫ് രജിസ്ട്രികളിലും അടിയന്തിരമായി Sewage Treatment plant കൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്. നിശ്ചിത സമയപരിധിയിൽ STP സൗകര്യം ഉപയോഗപ്പെടുത്താത്ത ഹൗസ് ബോട്ടുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ് അനുവാദം നൽകുന്നില്ല എന്ന് ഉറപ്പാക്കണം.
7. അനധികൃതമായി പ്രവർത്തിക്കുന്ന ആലപ്പുഴ, കുമരകം മേഖലകളിൽ പ്രവർത്തിക്കുന്ന ബോട്ടുകൾ ഒരു കാരണവശാലും ഡിസംബർ മാസത്തിനുശേഷം അവിടെ തുടരാൻ അനുവദിക്കുന്നതല്ല. ടി ബോട്ടുകളിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മിച്ചിട്ടുള്ള ബോട്ടുകൾക്ക് മറ്റു മേഖലകളിൽ പ്രവർത്തിക്കാൻ തയ്യാറാണെങ്കിൽ ആയതിന് അനുമതി നൽകാവുന്നതാണ്.
8. 2018 ഡിസംബറിനു ശേഷം നിയമലംഘനം നടത്തുന്നതായ ബോട്ടുകൾ പിടിച്ചെടുക്കാനും, പിഴ ഈടാക്കാനും, ബോട്ട് നിർമ്മിക്കുന്ന വ്യക്തികളെക്കൂടി KIV നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും മറ്റും ആവശ്യമായ നിയമഭേദഗതി ഡിസംബർ മാസത്തിനുള്ളിൽ കൊണ്ടുവരുവാൻ ഭരണ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്. ഈ നടപടികൾക്ക് ആവശ്യമായ പ്രചാരണം തുറമുഖ / ടൂറിസം വകുപ്പുകൾ നൽകേണ്ടതാണ്.

യോഗം 12.15 ന് അവസാനിച്ചു.

**യോഗത്തിൽ പങ്കെടുത്തവർ**

1. ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ, ബഹു. തുറമുഖവും പുരാവസ്തുവും വകുപ്പ് മന്ത്രി
2. ഡോ. ടി.എം.തോമസ് ഐസക്, ബഹു. ധനകാര്യ വകുപ്പ് മന്ത്രി
3. ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ബഹു. ടൂറിസവും സഹകരണവും വകുപ്പ് മന്ത്രി
4. ശ്രീ. മാത്യു ടി.തോമസ്, ബഹു.ജലസേചന വകുപ്പ് മന്ത്രി
5. ശ്രീ. ജി. സുധാകരൻ, ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി
6. ശ്രീ. എ.കെ. ശശീന്ദ്രൻ, ബഹു. ഗതാഗത വകുപ്പ് മന്ത്രി
7. ശ്രീ ബിശ്വനാഥ് സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്
8. ശ്രീ. വി.എസ്.സെന്തിൽ, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി
9. ശ്രീമതി. ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ്
10. ശ്രീ. പി.ബാലകിരൺ, ഡയറക്ടർ, ടൂറിസം
11. ശ്രീ.എച്ച്. ദിനേശൻ, തുറമുഖ വകുപ്പ് ഡയറക്ടർ
12. ശ്രീ. ജോഷി.കെ.എ, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ
13. ശ്രീ. കെ.ആർ.വിനോദ്, രജിസ്റ്ററിംഗ് അതോറിറ്റി, തുറമുഖ വകുപ്പ്
14. ശ്രീ. രഞ്ജിത്.എം.ജെ., ചീഫ് സർവ്വേയർ, തുറമുഖ വകുപ്പ്

**സെക്ഷൻ ഓഫീസർ**